# കേരളം എട്ടാം നൂറ്റാണ്ടു മുതൽ
# പതിനെട്ടാം നൂറ്റാണ്ടു വരെ

---

**Que.1.** മധ്യകാല കേരളത്തിലെ വിദേശ കച്ചവടത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

**Marks : (4)**

**Ans.**

- അറബികൾ, ചൈനാക്കാർ, യൂറോപ്യന്മാർ എന്നിവർ കച്ചവടക്കാർ
- സുഗന്ധദ്രവ്യങ്ങൾ കൊണ്ടുപോയി
- സ്വർണ്ണം, ചെമ്പ്, ഈയം, ചീനകളിമൺ പാത്രങ്ങൾ, ചീനപ്പട്ട് എന്നിവ കൊണ്ടുവന്നു
- കടൽ മാർഗത്തിലൂടെയുള്ള കച്ചവടത്തിന്റെ ആധിപത്യം യൂറോപ്യന്മാർ നേടി.

**Que.2.** മധ്യകാല കേരളത്തിൽ നിലനിന്നിരുന്ന വിവിധതരം കച്ചവടങ്ങൾ വിശദമാക്കുക.

**Marks : (3)**

**Ans.**

- പ്രദേശിക കച്ചവടം - ചന്തകൾ, അങ്ങാടികൾ, നിത്യോപയോഗ വസ്തുക്കളുടെ കൈമാറ്റം
- ദൂരദേശ കച്ചവടം - തമിഴ്നാട്, കർണാടക, ആന്ധ്ര, ഒറീസ തുടങ്ങിയ പ്രദേശങ്ങളു മായി കച്ചവടം - തമിഴ് ബ്രാഹ്മണർ, ചെട്ടിയാർ എന്നിവർ കച്ചവടക്കാർ. - പട്ട്, പരുത്തി, അരി, മുളക് എന്നിവ ഇവിടേക്ക് കൊണ്ടുവന്നു. - കുരുമുളക്, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ കൊണ്ടുപോയി.
- വിദേശ കച്ചവടം - അറബികൾ, ചൈനാക്കാർ, യൂറോപ്യന്മാർ. കുരുമുളക്, ഇഞ്ചി, കറുവപട്ട, ഏലം ഇവ കൊണ്ടുപോയി. സ്വർണ്ണം, ചെമ്പ്, ഈയം, ചീനപ്പട്ട്, ചീനകളിമൺ പാത്രങ്ങൾ ഇവ കൊണ്ടുവന്നു.

**Que.3.** മധ്യകാലത്ത് കേരളത്തിൽ വളർന്നുവന്ന തൊഴിൽകൂട്ടങ്ങളിൽ ഒന്നാണ് കച്ചവടവുമായി ബന്ധപ്പെട്ടത്. മറ്റ് ഏതെങ്കിലും 4 തൊഴിൽ കൂട്ടങ്ങൾ എഴുതുക.

**Marks : (4)**

**Ans.**

- കൃഷിയും, കാർഷികോപകരണങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ടവർ
- കരകൗശല-ലോഹനിർമാണവുമായി ബന്ധപ്പെട്ടവർ
- തുണി, നെയ്ത്ത്, എണ്ണയാട്ടൽ തുടങ്ങിയവയുമായി ബന്ധപ്പെട്ടവർ
- ക്ഷേത്രാചാരവുമായി ബന്ധപ്പെട്ടവർ
- നാടുവാഴി സ്വരൂപങ്ങളുമായി ബന്ധപ്പെട്ടവർ

(ഏതെങ്കിലും നാലെണ്ണം)

**Que.4.** മധ്യകാലത്ത് കേരളത്തിൽ നിലനിന്നിരുന്ന കൃഷിയെക്കുറിച്ച് വിവരിക്കുക.

**Marks : (4)**

**Ans.**

- വയൽ, പറമ്പ്, പുരയിടങ്ങൾ, മലമ്പ്രദേശങ്ങൾ എന്നിവിടങ്ങളിൽ കൃഷിചെയ്തു.
- വയലിൽ നെല്ല് പ്രധാനവിള
- പറമ്പുകളിൽ നെല്ല്, ചാമ, മുതിര, കിഴങ്ങുവർഗ്ഗങ്ങൾ, തെങ്ങ്, കമുക്, കുരുമുളക്, ഉള്ളി, മഞ്ഞൾ, പയർവർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ. പുരയിടങ്ങളിൽ, മലമ്പ്രദേശത്ത് മലനെല്ല്, കാട്ടുവിഭവങ്ങൾ
- മൺസൂണിനെ ആശ്രയിച്ച് കൃഷി
- ജൈവവളം

**Que.5.** കേട്ടെഴുത്ത്, കണ്ടെഴുത്ത് എന്നിവ വിശദീകരിക്കുക.

**Marks : (2)**

**Ans.**

- ഭൂസർവ്വേ ഓരോ ഭൂമിയും ഏക്കർ, സെന്റ് എന്നിവ തിരിച്ച് സർവ്വേനമ്പർ കൊടുത്തു.
- തിരുവിതാംകൂറിൽ കണ്ടെഴുത്ത് എന്നതും കൊച്ചിയിൽ കേട്ടെഴുത്ത് എന്നും അറിയപ്പെട്ടു.

**Que.6.** കുഴിക്കാണം എന്നാൽ എന്ത്?

**Marks : (2)**

**Ans.** മധ്യകാല കേരളത്തിൽ നിലനിന്നിരുന്ന നികുതിയിളവ്.

**Que.7.** കാണം, ഒറ്റി എന്നീ പേരുകളിൽ അറിയപ്പെട്ട പണയപ്പാട്ടം വ്യവസ്ഥയുടെ സവിശേഷതകൾ ഏവ?

**Marks : (4)**

**Ans.**

- പണയപ്പാട്ടം വ്യവസ്ഥ
- ഭൂമിപാട്ടത്തിനെടുക്കുന്ന ആൾ ഒരു സംഖ്യ ഭൂവുടമയ്ക്ക് ഈടായി കൊടുക്കണം
- ഭൂമി വിൽക്കാനോ കൈമാറ്റം ചെയ്യാനോ കഴിയില്ല
- കൃഷി ചെയ്യാൻ മാത്രം അവകാശം

**Que.8.** 'വെറുംപാട്ട' സമ്പ്രദായത്തെകുറിച്ച് വിശദീകരിക്കുക.

**Marks : (2)**

**Ans.** ഉല്പാദനത്തിന്റെ ഒരു നിശ്ചിത പങ്ക് ജന്മിക്ക് പാട്ടമായി നൽകണമെന്ന വ്യവസ്ഥയിൽ ജന്മിമാർ കുടിയാൻമാർക്ക് നൽകിയ ഭൂമി വെറും പാട്ടഭൂമി.

**Que.9.** നാടുവാഴി സ്വരൂപങ്ങൾ എന്നാലെന്ത്? അവയുടെ പ്രത്യേകതകൾ വിവരിക്കുക.

**Marks : (4)**

**Ans.**

- പെരുമാക്കന്മാരുടെ കേന്ദ്രീകൃതഭരണത്തിനുശേഷം നാടുകളിൽ വളർന്നുവന്ന അധികാരസ്ഥാപനങ്ങൾ.
- മരുമക്കത്തായം പിന്തുടർന്ന സ്വയം ഭരണാവകാശമുള്ള തറവാടുകൾ.
- സൈനീകക്കൂട്ടങ്ങൾ ഉണ്ടായിരുന്നു.
- പരസ്പരം കലഹിച്ചിരുന്നു. പൊതുശത്രുവിനെതിരെ സഹകരിച്ചിരുന്നു.

**Que.10.** സി.ഇ. 800 മുതൽ 1122 വരെ മഹോദയപുരം കേന്ദ്രമാക്കി ഭരിച്ച രാജവംശം ഏത്?

**Marks : (1)**

**Ans.** പെരുമാക്കന്മാർ

**Que.11.** 'ആയിരം' എന്ന സൈനികക്കൂട്ടം പെരുമാക്കന്മാരുടെ ഭരണത്തിന്റെ ഒരു സവിശേഷതയായിരുന്നു. മറ്റ് മൂന്ന് സവിശേഷതകൾ എഴുതുക.

**Marks : (3)**

**Ans.**

- കോയിലധികാരികൾ എന്ന പ്രതിനിധികൾ
- നാലുതളി എന്ന ബ്രാഹ്മണ സമിതി
- നാടുകൾ, നഗരങ്ങൾ, ബ്രാഹ്മണഗ്രാമങ്ങൾ, ക്ഷേത്രങ്ങൾ എന്നിവിടങ്ങളിൽ നിന്ന് നികുതി ഈടാക്കി.

**Que.12.** പ്രസിദ്ധ അറബി മലയാള കൃതിയായ മുഹ് യിദ്ദീൻമാലയുടെ കർത്താവ് ആര്?

**Marks : (1)**

**Ans.** ഖാസി മുഹമ്മദ്

**Que.13.** മധ്യകാല കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന പ്രധാന വായ് മൊഴിപ്പാട്ടുകൾ ഏതെല്ലാം?

**Marks : (2)**

**Ans.** വടക്കൻപാട്ട്, തെക്കൻപാട്ട്

**Que.14.** മലയാളത്തിലെ ആദ്യ കൃതിയേത്?

**Marks : (1)**

**Ans.** രാമചരിതം

**Que.15.** മധ്യകാല കേരളത്തിലെ ഭാഷ, സാഹിത്യം, കല, ശാസ്ത്രം എന്നിവ സാംസ്കാരിക സമന്വയത്തിന് സഹായകമായി. വിശദമാക്കുക?

**Marks : (6)**

**Ans.**

- തമിഴ്, സംസ്കൃതം എന്നിവ കലർന്ന ഒരു രൂപമായിരുന്നു മധ്യകാല മലയാള ഭാഷയ്ക്ക് ആദ്യം ഉണ്ടായിരുന്നത് - വട്ടെഴുത്ത് ലിപി.
- പന്ത്രണ്ടാം നൂറ്റാണ്ടിൽ ആദ്യ മലയാള കൃതിയായ രാമചരിതത്തിൽ മലയാള സ്വാധീനം വർദ്ധിച്ചു.
- ഉണ്ണുനീലി സന്ദേശം, ഉണ്ണിയച്ചി ചരിതം തുടങ്ങിയ മണിപ്രവാള കൃതികളിലും, നിരണം കവികളുടെ രാമായണം, ഭാഗവതം ഉൾപ്പെടെയുള്ള കൃതികളിലുമുള്ള മലയാള സ്വാധീനം.
- കിളിപ്പാട്ടു ശൈലി, തുള്ളൽ പ്രസ്ഥാനം, വഞ്ചിപ്പാട്ടുകൾ, കേരളത്തിലേക്ക് കുടിയേറിയവരുടെ സംസാരഭാഷകൾ, അറബി മലയാളം.
- കേരളത്തിൽ വളർന്നുവന്ന തനതു കലാരൂപങ്ങളായ കൂടിയാട്ടം, തെയ്യം, പടയണി, ഒപ്പന, ചവിട്ടുനാടകം, കഥകളി തുടങ്ങിയവ.

- ആയുർവേദം, ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം, വാസ്തുശാസ്ത്രം തുടങ്ങിയവയിലുണ്ടായ പുരോഗതി.

**Que.16.** പതിനെട്ടാം നൂറ്റാണ്ടിൽ ക്രിസ്ത്യൻ മിഷണറിമാർ രചിച്ച ഏതെങ്കിലും രണ്ടു കൃതികൾ എഴുതുക?

**Marks : (4)**

**Ans.** സംക്ഷേപവേദാർത്ഥം, പുത്തൻപാന, വർത്തമാനപ്പുസ്തകം (ഏതെങ്കിലും രണ്ട്)

**Que.17.** മലയാളഭാഷയുടെ വളർച്ചയിൽ സാഹിത്യകൃതികളുടെ പങ്ക് വിശദമാക്കുക.

**Marks : (4)**

**Ans.**

- തമിഴിന്റെ സ്വാധീനവും സംസ്കൃതവും കലർന്നതാണ് മധ്യകാല മലയാള ഭാഷ
- ഉണ്ണുനീലി സന്ദേശം, ഉണ്ണിയച്ചിചരിതം തുടങ്ങിയ മണിപ്രവാള കൃതികൾ
- നിരണം കവികളുടെ രാമായണം ഭാഗവതം തുടങ്ങിയവയും, ചെറുശ്ശേരിയുടെ കൃഷ്ണഗാഥയും, പൂന്താനത്തിന്റെ ജ്ഞാനപ്പാന ഉൾപ്പെടെയുള്ള കൃതികളും
- തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛന്റെ കിളിപ്പാട്ടുകൃതികൾ, കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികൾ, രാമപുരത്തുവാര്യരുടെ വഞ്ചിപ്പാട്ടുകൾ.

**Que.18.** എല്ലാ ജനവിഭാഗങ്ങൾക്കും തുല്യനീതി ആയിരുന്നില്ല മധ്യകാലത്ത് ഉണ്ടായിരുന്നത്. സമർത്ഥിക്കുക.

**Marks : (2)**

**Ans.**

- തൂക്കുപരീക്ഷ ബ്രാഹ്മണർ ഉൾപ്പെടെയുള്ള മേലാളർക്ക്
- അവർണ്ണർക്ക് വിഷപ്പരീക്ഷ, ജലപ്പരീക്ഷ, അഗ്നിപരീക്ഷ എന്നിവ

**Que.19.** മധ്യകാല കേരളത്തിൽ സാമൂഹ്യബന്ധങ്ങളെ നിയന്ത്രിക്കുന്നതിന് വിവിധ മര്യാദകൾ നിലനിന്നിരുന്നു. വ്യക്തമാക്കുക?

**Marks : (4)**

**Ans.**

ദേശമര്യാദ, തൊഴിൽമര്യാദ, സ്വരൂപമര്യാദ, ശൂദ്രമര്യാദ, തൊഴിൽക്കൂട്ടങ്ങൾ പരസ്പരം പാലിച്ചിരുന്ന മര്യാദ (ഏതെങ്കിലും നാലെണ്ണം)

**Que.20.** പെരുമാൾ കാലത്ത് നിലനിന്നിരുന്ന പെരുമാറ്റച്ചട്ടം ഏതു പേരിലറിയപ്പെടുന്നു?

**Marks : (1)**

**Ans.** മൂഴിക്കുളം കച്ചം


**Que.21.** കേരളത്തിന്റെ സാംസ്കാരിക സമന്വയത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

**Marks : (3)**

**Ans.**

- ബ്രാഹ്മണർ, ജൈന-ബുദ്ധമത വിഭാഗങ്ങൾ, ജൂത-ക്രൈസ്തവ-ഇസ്ലാം മതങ്ങൾ-പരസ്പരം സൗഹാർദത്തോടെ വസിച്ചിരുന്നു.
- കേരളത്തിലെ ഭരണാധികാരികൾ എല്ലാ മതവിഭാഗങ്ങളേയും ഒരുപോലെ കണ്ടിരുന്നു.
- വിവിധ മതവിഭാഗത്തിൽപ്പെട്ടവർക്ക് നാടുവാഴികൾ പലതരത്തിലുള്ള അവകാശങ്ങൾ നൽകിയിരുന്നു.

**Que.22.** പദസൂര്യൻ പൂർത്തിയാക്കുക




**Marks : (2)**

**Ans.** ദൂരദേശകച്ചവടം, വിദേശകച്ചവടം

**Que.23.** പതിനാലാം നൂറ്റാണ്ടുവരെ കേരളത്തിൽ നിലനിന്നിരുന്ന പ്രധാന കച്ചവടസംഘങ്ങൾ ഏതെല്ലാം?

**Marks : (2)**

**Ans.** അഞ്ചുവണ്ണം, മണിഗ്രാമം

**Que.24.** പ്രാചീനകാലത്തെ കച്ചവടകേന്ദ്രങ്ങളിൽ പ്രധാനപ്പെട്ട രണ്ടെണ്ണം എഴുതുക?

**Marks : (2)**

**Ans.** കൊല്ലം, കൊടുങ്ങല്ലൂർ, കോഴിക്കോട്, പന്തലായനി, മാടായി, വളപട്ടണം. (ഏതെങ്കിലും രണ്ടെണ്ണം)

**Que.25.** മധ്യകാലത്തെ തൊഴിൽക്കൂട്ടങ്ങളാണ് പിൽക്കാലത്ത് ജാതികളായി മാറിയത്. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

**Marks : (2)**

**Ans.**

- കൃഷിയും കാർഷികോപകരണങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ടവർ
- കച്ചവടവുമായി ബന്ധപ്പെട്ടവർ
- കരകൗശല-ലോഹനിർമ്മാണവുമായി ബന്ധപ്പെട്ടവർ
- ക്ഷേത്രാചാരവുമായി ബന്ധപ്പെട്ടവർ
- തുണിനെയ്ത്ത്, എണ്ണയാട്ടൽ എന്നിവയിലേർപ്പെട്ടവർ
- നാടുവാഴി സ്വരൂപങ്ങളുമായി ബന്ധമുള്ള ഉദ്യോഗസ്ഥർ
- ഒരു പ്രത്യേക തൊഴിൽ ചെയ്തിരുന്നവരുടെ പിൻമുറക്കാർ അതേ തൊഴിൽ പിൻതുടർന്നു.
- കൂട്ടങ്ങൾ ക്രമേണ ജാതിയായി

(ഏതെങ്കിലും ആറെണ്ണം)

**Que.26.** മധ്യകാലത്ത് ഏതൊക്കെ പ്രദേശങ്ങളാണ് കൃഷിയ്ക്കായി തെരഞ്ഞെടുത്തിരുന്നത്?

**Marks : (2)**

**Ans.** വയൽ, പറമ്പ്, പുരയിടം, മലമ്പ്രദേശങ്ങൾ (ഏതെങ്കിലും

**Que.27.** കൊച്ചിയിലും തിരുവിതാംകൂറിലും നടന്ന ഭൂസർവ്വേകൾ ഏതെല്ലാം പേരിലറിയപ്പെടുന്നു?

**Marks : (2)**

**Ans.**

- കൊച്ചി - കേട്ടെഴുത്ത്
- തിരുവിതാംകൂർ - കണ്ടെഴുത്ത്.

**Que.28.** പന്ത്രണ്ടാം നൂറ്റാണ്ടുമുതൽ പതിനെട്ടാം നൂറ്റാണ്ടുവരെയുള്ള കാലത്ത് ഭൂമിയുടെ ഉടമസ്ഥാവകാശത്തിൽ വന്ന മാറ്റങ്ങൾ വ്യക്തമാക്കുക?


**Marks : (4)**

**Ans.**

- ഭൂമിയുടെ മേലുള്ള അവകാശം ജന്മവകാശം
- ജന്മഭൂമിയും ജന്മിയും
- വെറും പാട്ട സമ്പ്രദായത്തിന്റെ പ്രചാരം
- കാണം, ഒറ്റി, കാണക്കുടിയാൻ

**Que.29.**

പട്ടിക പൂർത്തിയാക്കുക.




**Marks : (3)**

**Ans.** a. ചേരിക്കൽ

b. ബ്രാഹ്മണരുടെ നിയന്ത്രണത്തിലുള്ളഭൂമി

c. ദേവസ്വം

**Que.30.** സ്വരൂപങ്ങളുടെ നേതൃത്വത്തിലുള്ള സൈനികക്കൂട്ടങ്ങൾ ഏതെല്ലാം?

a. ചേരിക്കൽ

b. ബ്രാഹ്മണരുടെ നിയന്ത്രണത്തിലുള്ളഭൂമി


c. ദേവസ്വം

**Marks : (3)**

**Ans.**

- അരിശിപ്പടിജനം,
- പടമലനായന്മാർ,
- ലോകര്

**Que.31.** **പദസൂര്യൻ പൂർത്തിയാക്കുക.**




**Marks : (3)**

**Ans.**

- നെടിയിരുപ്പ് സ്വരൂപം,
- പെരുമ്പടപ്പ് സ്വരൂപം,
- തൃപ്പാപ്പൂർ സ്വരൂപം

**Que.32.** പെരുമാക്കന്മാരുടെ ഭരണത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുക.

**Marks : (4)**

**Ans.**

- കോയിലധികാരികൾ എന്ന പ്രതിനിധികൾ
- ആയിരം എന്ന സൈനികക്കൂട്ടം
- നാലുതളി-ബ്രാഹ്മണ സമിതി


- നാടുകൾ, നഗരങ്ങൾ, ക്ഷേത്രങ്ങൾ, ബ്രാഹ്മണ ഗ്രാമങ്ങൾ എന്നിവിടങ്ങളിലെ നികുതി പിരിവ്.

**Que.33.** ആരുടെ ഭരണകാലത്താണ് കേരളത്തിൽ ആദ്യമായി ഒരു കേന്ദ്രീകൃത ഭരണം സ്ഥാപിതമായത്?

**Marks : (1)**

**Ans.** പെരുമാക്കന്മാർ

**Que.34.** ചുവടെ നൽകിയിട്ടുള്ള പട്ടിക പൂർത്തിയാക്കുക




**Marks : (2)**

**Ans.** A. കുടിപതി,

B. നാടുവാഴികൾ

**Que.35.** തരിസാപ്പള്ളി ലിഖിതം രചിച്ചത് ഏതു ലിപിയിലാണ്?

**Marks : (1)**

**Ans.** വട്ടെഴുത്ത്